## മുസിരിസ് പൈതൃക പദ്ധതി

# ചരിത്ര-പുരാവസ്തു ഗവേഷണ പ്രവർത്തനങ്ങൾ


കേരള ചരിത്ര ഗവേഷണ കൗൺസിൽ

2007

# History - Archaeology Research Consultative Panel

**Chairman**
Prof K.N. Panikkar
Chairman, KCHR

**Vice Chairman**
Smt. Sarada Muralidhran
Secretary, Dept. of Cultural Affairs, Kerala.

**Members**
Dr. V.Venu, Secretary, Dept. of Tourism, Kerala
Sri. A.P.M. Mohammed Hanish, District Collector, Ernakulam
Director, Archaeology Department, Government of Kerala
Dr. Nambi Rajan, Superintending Archaeologist, ASI Thrissur Circle
Dr. K.K.N. Kurup, Director General, CHS, Tripunithura
Dr. K.N. Ganesh, KCHR EC Member
Dr. P.K. Michael Tharakan, KCHR EC Member
Dr. S. Hemachandran, State Archaeology Department
Dr. Y. Subbarayalu, French Institute, Pondicherry
Dr. P. Rajendran, Archaeologist, Kerala University
Dr. Ajithkumar, Department of Archaeology, Kerala University
Dr. Eugine N. Pandala, Architect and Conservation Specialist, Kollam
Sri. K.J.Sohan, INTACH
Sri. K.M. Jose, Tahasildar, Kodungallur
Smt. K.N. Raji, Tahasildar, North Paravur
Dr. P.J.Cherian, Director KCHR

# 'കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ ചരിത്രപൈതൃകം മാതൃകാപരമായി സംരക്ഷിക്കുകയാണ് ലക്ഷ്യം'

**ക**ഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കെ. സി. എച്ച്. ആർ പല ഗവേഷണപദ്ധതികളും വിജയകരമായി ഏറ്റെടുക്കുകയുണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് "മധ്യകാല കേരള ഗണിതശാസ്ത്രം; യൂറോപ്പിലേക്കുള്ള വ്യാപനം" എന്ന വിഷയത്തിൽ ഇംഗ്ലണ്ടിലെ എക്സിറ്റർ സർവ്വകലാശാലയുമായി സഹകരിച്ച് നടത്തിയ അന്തർദേശീയ ശില്പശാലയും കഴിഞ്ഞവർഷം തിരുവനന്തപുരത്തു നടന്ന അന്തർദേശീയ കേരള ചരിത്ര സെമിനാറും. അതിനുശേഷം കെ.സി. എച്ച് ആറിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന അന്തർദേശീയ മാനങ്ങളുള്ള മറ്റൊരു പദ്ധതിയാണ് മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റും അതുമായി ബന്ധപ്പെട്ട ചരിത്ര പുരാവസ്തു ഗവേഷണപ്രവർത്തനങ്ങളും.

മുസിരിസ് എന്ന വിഖ്യാതമായ പ്രാചീന തുറമുഖ പട്ടണം സംബന്ധിച്ച പുരാവസ്തു കണ്ടെത്തലുകൾ ചരിത്രഗവേഷകർക്ക് വളരെ താല്പര്യമുള്ള ഒരു വിഷയമാണ്. ദീർഘകാലമായി ഇതു സംബന്ധിച്ചുണ്ടായ അന്വേഷണങ്ങൾ ഒന്നും തന്നെ തൃപ്തികരമായ നിഗമനങ്ങളിലെത്താൻ സഹായകരമായിട്ടില്ല.

യഥാർത്ഥത്തിൽ മുസിരിസിനെപ്പററിയുള്ള അറിവിന്റെ അപര്യാപ്തത കേരള ചരിത്ര വിജ്ഞാനത്തിൽ ഒററപ്പെട്ട ഒരു കാര്യമല്ല. കേരളത്തിലെ പുരാവസ്തു ഗവേഷണം തീർത്തും അവഗണിക്കപ്പെട്ട ഒരു മേഖലയാണ്. കഴിഞ്ഞ അമ്പതുവർഷങ്ങളായി നാം ഈ മേഖലയിൽ പുലർത്തിയ ഉദാസീനതയും കാര്യക്ഷമതയില്ലായ്മയും ഭൂതകാലത്തെക്കുറിച്ചുള്ള നമ്മുടെ തിരിച്ചറിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് കെ. സി. എച്ച്. ആറിന്റെ പ്രധാനപ്പെട്ട കടമയാണെന്ന് ഞാൻ കരുതുന്നു.

കടലിലേക്ക് ചാഞ്ഞ് നില്ക്കുന്ന ഒരു കുന്നിൻ ചരിവ് പോലെയാണ് കേരളത്തിന്റെ ഭൂപ്രതലം. അതിനിടയിലാണ് പടിഞ്ഞാട്ട് ഒഴുകുന്ന 41 പുഴകളും അവയുടെ നിരവധി കൈവഴികളും . കാലം തെററാതെ എത്തുന്ന കാലവർഷം ഈ ചരിഞ്ഞ ഭൂതലത്തിൽ പുരാവസ്തു അവശിഷ്ടകൂമ്പാരങ്ങളുടെ സാധ്യതകളെ ഇല്ലാതാക്കി. പുരാവസ്തു ഭാഷയിൽ പറഞ്ഞാൽ കേരളത്തിൽ 'ആർക്കിയോളജിക്കൽ മൗണ്ടുകൾ' ഇല്ലാതായത് അതുകൊണ്ടു കൂടിയാകണം. ഇനി എന്തെങ്കിലും എവിടെയെങ്കിലും അവശേഷിച്ചെങ്കിൽ തന്നെ ഉയർന്ന ജനസാന്ദ്രതയും വൻ ഭൂവിനിയോഗവും സംഭവിച്ച കേരളത്തിൽ അവ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. ആവശ്യമായ ചരിത്രബോധമില്ലായ്മ പല ചരിത്രസ്രോതസ്സുകളും നഷ്ടപ്പെടാൻ കാരണമായിരിക്കാനിടയുണ്ട്. അങ്ങനെ നിർമാർജനം ചെയ്യപ്പെട്ട നമ്മുടെ പുരാവസ്തുപരമായ പൈതൃകസമ്പത്ത് വളരെ ഏറെയാകാനാണ് സാധ്യത.

കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ ചരിത്രം കേരളത്തിന്റെ മററു പ്രദേശങ്ങളെ അപേക്ഷിച്ച് സമ്പന്നവും സങ്കീർണ്ണവുമാണ്. കേരളക്കരയിൽ ആദ്യമായി വ്യവസ്ഥാപിതമായ വൈദേശിക സാംസ്കാരിക സാമ്പത്തിക ബന്ധങ്ങൾകൊണ്ട് മാത്രമല്ലിത്. ആ പ്രദേശം ചരിത്രാരംഭകാലം മുതൽ സവിശേഷമായ ഒരു മതേതര സംസ്കാരത്തിന്റെ ഈററില്ലമായിരുന്നു. ഇപ്പോഴും പൂർണ്ണമായി നശിച്ചു പോകാത്ത കുറെയേറെ ചരിത്രാവശിഷ്ടങ്ങൾ അവിടെ ഉണ്ടെന്നതും അവ കേരളചരിത്രത്തിന്റെ തുടർച്ചയും ഇടർച്ചയും സൂചിപ്പിക്കാനാകുംവിധം സമ്പന്നമാണ് എന്നതും കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ വലിയ ഒസ്യത്താണ്. നാടിന്റെ പൈതൃകത്തിൽ നാട്ടുകാർക്കുള്ള അഭിമാനം മുസിരിസ് ഹെറിറ്റേജ് പ്രോജക്ററിന്റെ ഒരു വലിയ അനുഗ്രഹമാണ്. അതുകൊണ്ട് ജനകീയവും സാങ്കേതികവും അക്കാദമികവുമായ മികവുകൾ ഒന്നു ചേരുന്ന ഒരു മാതൃകാ പൈതൃക സംരക്ഷണപദ്ധതിയായി ഇത് രൂപപ്പെടുത്താൻ കഴിയുമെന്നാണ് എന്റെ പ്രത്യാശ. ഇതിൽ തല്പരരായ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഞാൻ അഭ്യർത്ഥിക്കുന്നു.

**കെ.എൻ.പണിക്കർ**
ചെയർമാൻ, കെ.സി.എച്ച്.ആർ

# മുസിരിസ് ഹെറിറേജ് പദ്ധതി: കേരളചരിത്രത്തിന്റെ ഗതിവിന്യാസം പരിചയപ്പെടുത്താനുള്ള ഉദ്യമം

നമ്മുടെ പൂർവ്വികർ മുചിറി (Muciri) എന്നും വിദേശികൾ മുസിരിസ് (Muziris) എന്നും വിളിച്ചിരുന്ന മലബാർ തീരത്തെ തുറമുഖപട്ടണത്തെക്കുറിച്ച് ഭാവുകത്വം നിറഞ്ഞ വിവരണങ്ങളാണ് പ്രാചീനയാത്രാവിവരണങ്ങളിലും സാഹിത്യകൃതികളിലും ഉള്ളത്. അടുത്തകാലത്ത് കണ്ടെടുത്ത വിയന്ന പാപ്പിറസ് (AD 100-200) രേഖകളും അന്താരാഷ്ട്ര കച്ചവടബന്ധങ്ങളിലെ മുസിരിസിന്റെ പ്രാമുഖ്യം വ്യക്തമാക്കുന്നുണ്ട്. മുസിരിസിലെ ഒരു കച്ചവടക്കാരനും അലക്സാൻഡ്രിയയിലെ ഒരു ഇറക്കുമതി ഏജന്റും തമ്മിലുണ്ടാക്കിയ കച്ചവട ഉടമ്പടിയാണ് പ്രസ്തുത രേഖ. കൊടുങ്ങല്ലൂർ പ്രദേശത്ത് പെരിയാറിന്റെതീരത്ത് സ്ഥിതി ചെയ്തിരുന്ന ആ പൗരാണിക ഇൻഡോ– റോമൻ തുറമുഖപട്ടണത്തെക്കുറിച്ച് നിർഭാഗ്യവശാൽ ഇനിയും തൃപ്തികരമായ പുരാവസ്തു തെളിവുകൾ ലഭ്യമായിട്ടില്ല. റോമൻ കച്ചവട ബന്ധങ്ങളെപ്പററി മാത്രമല്ല പശ്ചിമേഷ്യ, ആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങളിലെ സംസ്കാരങ്ങളുമായി കേരളത്തിൻെറ കൊടുക്കൽ വാങ്ങലുകളും അന്നത്തെ നമ്മുടെ നാടിൻെറ അവസ്ഥയും മനസ്സിലാക്കാനുള്ള ഒരു ദീർഘകാല ശാസ്ത്രീയ പഠനപ്രക്രിയയുടെ തുടക്കമാണ് സംസ്ഥാന സർക്കാരിന്റെ മുസിരിസ് പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടണത്ത് നടക്കുന്ന ഉൽഖനനപ്രവർത്തനങ്ങൾ.

വടക്ക് മതിലകം, തെക്ക് വടക്കൻ പറവൂർ, കിഴക്ക് ചേന്ദമംഗലം– കൃഷ്ണൻ കോട്ട, പടിഞ്ഞാറ് അറബിക്കടൽ, ഏകദേശം ഈ അതിരുകൾക്കുള്ളിൽ കൊടുങ്ങല്ലൂർ ആസ്ഥാനമായി കിടക്കുന്ന ഈ പ്രദേശത്തിന്റെ ചരിത്രസമ്പത്ത് വീണ്ടെടുത്ത് ശാസ്ത്രീയമായി സംരക്ഷിച്ച് സവിശേഷചരിത്രപഠനാനുഭവമാക്കി മാററുവാനുള്ള ഒരു സംരംഭമാണ് മുസിരിസ് ഹെറിറേജ് പ്രോജക്ററ് (MHP). ഈ പ്രദേശത്തെ ചരിത്രസ്മാരകങ്ങളെ ചരിത്ര നടപ്പാതകളും ചരിത്രജലപാതകളും വഴി കൂട്ടിയിണക്കി,സന്ദർശകർക്ക് കേരളചരിത്രത്തിന്റെ ഗതിവിന്യാസങ്ങളുടെയും രൂപപരിണാമങ്ങളുടെയും ഒരു പരിച്ഛേദം പരിചയപ്പെടുത്താനുള്ള ഉദ്യമം കൂടിയാണിത്. (ഇതുമായി ബന്ധപ്പെട്ട ഭൂപടം അന്യത്ര കൊടുത്തിട്ടുണ്ട്) കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ യോജിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭരണനിർവ്വഹണം ടൂറിസം വകുപ്പിനാണ്. ഇതിന്റെ സാങ്കേതിക അക്കാദമിക നേതൃത്വം കേരള ചരിത്ര ഗവേഷണ കൗൺസിലിനാണ് (കെ.സി.എച്ച്.ആർ)

ഇപ്പോൾ കെ. സി. എച്ച്. ആർ മൂന്നു പ്രധാന പ്രവർത്തനങ്ങളാണ് ഈ ചുമതലയുടെ ഭാഗമായി നടത്തുന്നത്. 1. ചരിത്ര – പുരാവസ്തു – സാംസ്കാരിക –ഭൂതല പര്യവേഷണങ്ങളും (Exploration) സർവ്വേകളും 2. ഉൽഖനനം (excavation) 3. തെളിവുകളുടെ വിശകലനപഠനങ്ങളും അവയുടെ പ്രസിദ്ധീകരണവും.

### സർവ്വേകൾ

കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് ഏകദേശം 20 ചതു.കി. മീ പ്രദേശത്ത് – ചരിത്ര, പുരാവസ്തു, സാംസ്കാരിക തെളിവുകൾക്കായുള്ള പഠന സർവ്വേകൾ 2006 ഡിസം. 27ന് ആരംഭിച്ചത് ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. പരിശീലനം ലഭിച്ച 50 ൽപ്പരം കോളേജ് – സർവകലാശാല വിദ്യാർത്ഥികളാണ് സർവ്വേ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. സർവ്വേയിൽ നിന്ന് ലഭിക്കുന്ന തെളിവുകൾ ശാസ്ത്രീയപഠനത്തിനു വിധേയമാക്കും. പറവൂർ– ചേന്ദമംഗലം– പട്ടണം പ്രദേശങ്ങളിലെ സർവ്വേകൾ ഉൽഖനന പ്രവർത്തനങ്ങൾക്കുശേഷമേ ആരംഭിക്കൂ.

### ചരിത്രമ്യൂസിയം

കൊടുങ്ങല്ലൂർ കേന്ദ്രമാക്കി മേൽ സൂചിപ്പിച്ച പ്രദേശത്തിന്റെ ചരിത്ര– സാംസ്കാരിക സമ്പത്ത് ശാസ്ത്രീയമായി സംരക്ഷിക്കാനുതകുന്ന ഒരു മ്യൂസിയം എന്ന ആശയത്തിന് പൊതുജനങ്ങൾക്കിടയിൽ നിന്ന് ആശാവഹമായ പ്രതികരണമാണുള്ളത്. ഈ പ്രദേശത്ത് ധാരാളം പുരാവസ്തുക്കളും സാംസ്കാരിക അവശിഷ്ടങ്ങളും ജീർണ്ണിക്കാതെയും നഷ്ടപ്പെടാതെയും വ്യക്തികളുടെയും കുടുംബങ്ങളുടെയും മററും കൈവശം ഉണ്ടെന്ന് സർവ്വേകൾ വഴി അറിയാൻ കഴിഞ്ഞു. ഇവ മുസിരിസ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന മ്യൂസിയത്തിലേക്ക്

സംഭാവന ചെയ്യാൻ തയ്യാറാണോ എന്ന ചോദ്യത്തിനു അനുകൂലമായ മറുപടികൾ മാത്രമല്ല ലഭിച്ചത് പലരും ഉടനടി തന്നെ അവ സംഭാവന ചെയ്യുകയും ചെയ്തു. അവ സൂക്ഷിക്കാൻ കൊടുങ്ങല്ലൂർ തഹസിൽദാർ ശ്രീ. കെ. എം.ജോസ് താൽക്കാലിക സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഈ വസ്തുക്കളുടെ ഉടമസ്ഥാവകാശം സംഭാവന ചെയ്യുന്ന വ്യക്തിയുടെയോ കുടുംബത്തിന്റെയോ സ്ഥാപനത്തിന്റെയോ പേരിൽതന്നെ നിലനിർത്തി അവയുടെ ശാസ്ത്രീയ സംരക്ഷണം ഉറപ്പാക്കി ഈ ശേഖരണം മുന്നോട്ടു കൊണ്ടുപോയാൽ നാടിനാകെ മാതൃകയാകുന്ന ഒരു ജനകീയ ചരിത്രമ്യൂസിയം യാഥാർത്ഥ്യമാകും എന്ന കാര്യത്തിൽ സംശയമില്ല.

## ഉൽഖനനം

ശാസ്ത്രീയമായും വളരെ സൂക്ഷ്മതയോടെയും ഒരു ശസ്ത്രക്രിയയ്ക്കു വേണ്ട ജാഗ്രതയോടെ- നടത്തേണ്ട ഒന്നാണ് പുരാവസ്തു ഉൽഖനനം. പല ശാസ്ത്രശാഖകളുടെയും ശാസ്ത്രജ്ഞരുടെയും സാന്നിദ്ധ്യം ഉൽഖനന പ്രദേശത്ത് ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ കെ. സി. എച്ച്. ആർ പട്ടണത്തിൽ നടത്തുന്നത് അത്തരമൊരു ബഹുവിഷയീ (Multi disciplinary) ഗവേഷണപ്രവർത്തനമാണ്.

ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ കേരള പുരാവസ്തു- ടൂറിസം - റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെ കെ.സി. എച്ച്. ആർ നടത്തുന്ന വലിയൊരു ദൗത്യമാണിത്. പുരാവസ്തു ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ ശാഖകളിൽ ഇൻഡ്യയിലെമ്പാടും നിന്നുള്ള വിദഗ്ദ്ധരുടെയും ഇൻഡ്യയ്ക്ക് പുറത്തുള്ള സ്ഥാപനങ്ങളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

5 മീ X 5 മീ അല്ലെങ്കിൽ 3 മീ X 3 മീ അളവുകളിൽ കുത്തനെ താഴോട്ട് കുഴിക്കുന്ന രീതിയാണ് ഇവിടെ അവലംബിക്കുക. വിവിധ സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ ഭൂമിക്കടിയിൽ വ്യത്യസ്ത അടരുകളായാണ് കാണപ്പെടുക എന്ന തത്വത്തെ അവലംബിച്ചുകൊണ്ടുള്ള ഉൽഖനനരീതിയായിരിക്കും (stratigraphy) ഇവിടെ നടപ്പിലാക്കുക.

ഭൂതകാലത്തിന്റെ അകലങ്ങളിലെവിടെയോ നമ്മുടെ പൂർവ്വികർ അവശേഷിപ്പിച്ച അടയാളങ്ങളെ ശാസ്ത്രീയമായും ആദരവോടെയും കൈകാര്യം ചെയ്യാനുള്ള പക്വത ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കുമാത്രമല്ല- കാഴ്ചക്കാർക്കുപോലും - അത്യന്താപേക്ഷിതമാണ്. പുരാവസ്തു അവശിഷ്ടങ്ങൾ ഏതെങ്കിലും ഭരണാ-തിർത്തിക്കുള്ളിലെ അല്ലെങ്കിൽ ഒരു ദേശത്തിന്റെ മാത്രം സമ്പത്തല്ല. മനുഷ്യരാശിക്കാകെ അവകാശപ്പെട്ട പൈതൃകമാണ്.

പട്ടണത്ത് നടക്കുന്ന അന്വേഷണം ഇന്ന് നമുക്ക് പരിചിതമായ സ്വത്വാംശങ്ങളോ, ജാതികളോ, മതങ്ങളോ ദേശങ്ങളോ നിലവിലില്ലാതിരുന്ന ചരിത്രാരംഭകാലത്ത് ഏതാണ്ട് 2000 വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന മനുഷ്യജീവിതത്തെപ്പററിയാണ്. കുറച്ചുകാലംമുമ്പ് ഡോ. കെ.പി.ഷാജനും മററും ഇവിടെ നടത്തിയ പഠനങ്ങളിൽ നിന്നും ലഭിച്ച ചില പുരാവസ്തു തെളിവുകളും സൂചനകളുമാണ് ഇവിടെ കൂടുതൽ തെളിവുകൾക്കായുള്ള അന്വേഷണത്തിന് പ്രേരണയായത്. ഈ അന്വേഷണം ഫലപ്രാപ്തിയിലെത്തിയാൽ കേരളചരിത്രത്തിലെ അപൂർണ്ണമായ ചില ഏടുകൾ പൂരിപ്പിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞേക്കും.

## പുരാവസ്തു ഗവേഷണം എന്ത്? എന്തിന്?

പുരാവസ്തുക്കളോടുള്ള കൗതുകത്തിൽ നിന്ന് തുടങ്ങി വികാസം പ്രാപിച്ച ഒരു ശാസ്ത്രശാഖയാണ് പുരാവസ്തുശാസ്ത്രം. ചരിത്രം എന്ന മാതൃവിജ്ഞാനവൃക്ഷത്തിന്റെ തായ്‌വേരായി ഇന്ന് അത് വളർന്ന് കഴിഞ്ഞിരിക്കുന്നു. ബഹുവിഷയീസ്വഭാവമുള്ള ഈ മേഖല നിരവധി ശാഖോപശാഖകളായി വളർന്നു പന്തലിച്ചിരിക്കുന്നു. ഭൗമശാസ്ത്രം (Geology), മാനവവംശ പഠനം (Ethnology) , ഭൂമിശാസ്ത്രം (Geography) നരവംശശാസ്ത്രം (Anthropology) , പരിസ്ഥിതി ശാസ്ത്രം (Ecology), ലോഹശാസ്ത്രം (Metallurgy) തുടങ്ങിയ ശാസ്ത്രശാഖകളുടെയും ശിലാഭൂത-ജന്തു-സസ്യശാസ്ത്രങ്ങൾ (Paleo-zoology, Paleo- botany) തുടങ്ങിയ നിരവധി ഉപശാഖകളുടെയും പുരാവശിഷ്ടങ്ങളുടെ വിശകലനം, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട രാസ- ഭൗതികശാസ്ത്രങ്ങളുടെയും (Physics, Chemistry) സങ്കീർണ്ണമായ ഒരു മിശ്രിതമായിട്ടുണ്ട് ഈ ശാസ്ത്രമേഖല. പുതിയ ശാസ്ത്രശാഖകളും സാങ്കേതികവിദ്യകളും പുരാവസ്തു ഗവേഷണത്തെ കൂടുതൽ സമ്പുഷ്ടമാക്കുന്നതോടൊപ്പം സങ്കീർണ്ണമാക്കുകയും ചെയ്യുന്ന അവസ്ഥയാണിന്നുള്ളത്.

മാനവരാശിയുടെ ചരിത്രത്തിൽ എണ്ണമററ സംസ്കാരങ്ങളുടെ അടയാളങ്ങൾ കാണാമെങ്കിലും ലിഖിതതെളിവുകൾ ഏറെയൊന്നും അവശേഷിപ്പിക്കാതെയാണ് അവയിൽ മിക്കതും മൺമറഞ്ഞത്. ഇവിടെ ഓർമ്മിക്കേണ്ട ഒരു കാര്യം മനുഷ്യർ (Homo sapiens) ഈ ഭൂമുഖത്ത് എത്തിയിട്ട് രണ്ടു ലക്ഷം വർഷത്തോളമായെങ്കിലും അവരുടെ

വിരലുകൾക്ക് അക്ഷരങ്ങൾ വഴങ്ങിയിട്ട് വെറും അയ്യായിരം വർഷങ്ങളേ ആയിട്ടുള്ളു എന്നതാണ്. ഈ അയ്യായിരം വർഷങ്ങളിൽ തന്നെ ബഹുഭൂരിപക്ഷം ജനതയും സാക്ഷരരായത് എത്രയോ അടുത്തകാലത്താണ്. മണ്ണിനിടയിലെ അടരുകളിൽ നിന്ന് ലഭിക്കുന്ന മൺപാത്രച്ചീളിനും നാണയത്തുട്ടിനും പൊട്ടിയ പളുങ്കുകഷ്ണത്തിനും നഗ്നനേത്രങ്ങൾക്കു കാണുവാൻ കഴിയാത്ത സസ്യപരാഗത്തിനും ധാന്യത്തരിക്കും ഒരു പൊടി എല്ലുകഷ്ണത്തിനുമൊക്കെ സവിശേഷമായ മനുഷ്യചരിത്രം പറയാനുണ്ടാകും എന്ന പുരാവസ്തു ശാസ്ത്രത്തിന്റെ അവകാശവാദം പ്രസക്തമാകുന്നത് ഇവിടെയാണ്. "കഥ പറയുന്ന മൺതരികൾ" എന്ന പ്രയോഗം പുരാവസ്തു ഗവേഷണത്തിന് അനുയോജ്യമാകുന്നതും അതുകൊണ്ടുതന്നെയാണ്.

ഏറിയപങ്കും അജ്ഞാതമായ മനുഷ്യാനുഭവങ്ങളിലേക്കുള്ള വാതായനങ്ങളാണ് ഈ അവശിഷ്ടങ്ങൾ എന്ന ബോധം, ഒരു ജനതക്കാകെ പങ്കുവെയ്ക്കാനാകുമ്പോൾ മാത്രമാകും പുരാവസ്തു ശാസ്ത്രത്തിന്റെ പ്രസക്തിയും സാംസ്കാരിക ലക്ഷ്യവും സാധ്യമാകുക.

## പൊതുജനങ്ങളോട്

പാരമ്പര്യസമൂഹങ്ങൾ പുരാവസ്തു ഗവേഷണം നടത്തുകയോ പൂർവ്വികരെപ്പററിയുള്ള തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാൻ ഉത്സാഹിക്കുകയോ ചെയ്തിരിക്കില്ല. പക്ഷെ അവർ അത്തരം അവശിഷ്ടങ്ങളെ നശിപ്പിക്കുകയോ വിററുകാശാക്കുകയോ ചെയ്തിരുന്നിരിക്കില്ല. അവരുടെ ചരിത്രബോധം അങ്ങനെയൊക്കെ ചെയ്യുന്നതിൽ നിന്ന് അവരെ നിരുത്സാഹപ്പെടുത്തിയിരിക്കണം. എന്നാൽ ഇന്നോ? ചരിത്രാനുഭവങ്ങളില്ലാത്തവരുടെ, വർത്തമാനത്തിൽ മാത്രം അഭിരമിക്കുന്നവരുടെ കാലത്ത് ചരിത്രസമ്പത്തുകൾ നിർലജ്ജം നശിപ്പിക്കുക മാത്രമല്ല, അവയുടെ പേരിൽ എന്തു കോമാളിത്തരവും കാട്ടിക്കൂട്ടുന്ന അവസ്ഥപോലുമില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരുണത്തിലാണ് പട്ടണത്തുകാരോട് ഈ ശാസ്ത്രീയ പഠനപരിപാടിക്കു വേണ്ട എല്ലാ സഹായങ്ങളും മുൻകാലത്തേതുപോലെ തുടർന്നും നൽകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്.

ഈ പ്രദേശത്ത് നിന്നു നിങ്ങൾക്ക് ലഭിച്ചിട്ടുള്ള പുരാവസ്തുക്കൾ സൂക്ഷ്മപഠനങ്ങൾക്കായി ഞങ്ങളെ ഏല്പിക്കണമെന്നും അവയ്ക്കെല്ലാം നിങ്ങളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതും ആവശ്യപ്പെടുമ്പോൾ തിരിച്ചു തരുമെന്ന നിലയിലുമുള്ള ഔദ്യോഗിക രസീതുകൾ തരുമെന്ന് അറിയിക്കട്ടെ. ഒരു ചെറിയ പുരാവസ്തുപോലും രേഖപ്പെടുത്താതെ മാററപ്പെട്ടാൽ അത് നാം ചരിത്രത്തോട് ചെയ്യുന്ന വലിയൊരപരാധമാകും. എന്തുകൊണ്ടെന്നാൽ അതിന്റെ ചരിത്രസന്ദർഭത്തിൽ നിന്നു മാററപ്പെടുന്ന ഒരു പുരാവസ്തു ഓർമ്മകൾ നഷ്ടമായ മനുഷ്യാവസ്ഥയ്ക്കു തുല്യമാണ്. ഈ ഉൽഖനനത്തിലൂടെയും പര്യവേഷണത്തിലൂടെയും ഞങ്ങൾക്ക് ലഭിക്കുന്ന പുരാവസ്തുക്കൾ പുരാവസ്തു സംരക്ഷണനിയമപ്രകാരം ശാസ്ത്രീയമായി സംരക്ഷിക്കപ്പെടുന്നതായിരിക്കും.

ആത്യന്തികമായി പുരാവസ്തുക്കളുടെ ഉടമസ്ഥാവകാശം മാത്രമല്ല ഞങ്ങൾ ഇവിടെ നടത്തുന്ന ഗവേഷണപഠനങ്ങളും പൊതുസമൂഹത്തിനവകാശപ്പെട്ടവയാണ്. വെറുതെ അവകാശികളാവുക മാത്രമല്ല, ഭാവിതലമുറകൾക്കായി അവ സ്ഥായിയായി സംരക്ഷിക്കേണ്ടതും പൊതുസമൂഹത്തിന്റെ കടമയാണ്. ഈ ദിശയിലുള്ള അനുകരണീയമായ ചരിത്രബോധം പട്ടണവാസികളിൽ നിന്ന് ഉണ്ടാകുമെന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്.

പൊതുജനങ്ങൾക്കുകൂടി പങ്കാളിത്തമുള്ള ഉൽഖനന പ്രവർത്തനങ്ങൾ വിദേശനാടുകളിൽ പ്രോത്സാഹിപ്പിക്കപ്പെടാറുണ്ട്. ഇവിടേയും അതുപോലെ, മുഴുവൻ സമയവും ഇതിനായി മാററിവെക്കുവാൻ കഴിയുന്ന മൂന്നുനാലു നാട്ടുകാർക്കും ഉൽഖനനത്തിൽ പങ്കാളികളാകാൻ അവസരം നൽകുന്നുണ്ട്.

ഉൽഖനനം സംബന്ധിച്ച വിവരങ്ങൾ മാധ്യമങ്ങൾക്കും നാട്ടുകാർക്കും നൽകുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ക്യാമ്പ് ഓഫീസുമായി ബന്ധപ്പെട്ടാൽ അത്തരം അറിയിപ്പുകൾ സംബന്ധിച്ച വിവരം മുൻകൂട്ടി അറിയുവാൻ കഴിയും. ചിട്ടയായ പ്രവർത്തനങ്ങൾക്ക് തടസ്സമാകാൻ ഇടയുള്ളതുകൊണ്ട് സന്ദർശകർക്ക് ഉൽഖനനസമയത്ത് പ്രവേശനം ഉണ്ടായിരിക്കുകയില്ല. ഇക്കാര്യത്തിൽ വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തുതരേണ്ടത് ഈ പ്രദേശത്തുകാരാണെന്ന കാര്യം പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു. എന്നാൽ ഉൽഖനനസമയം കഴിഞ്ഞ് ക്യാമ്പ് ഓഫീസിലും മററുമായി ഇതുമായി ബന്ധപ്പെട്ട അനൗപചാരിക ചർച്ചകൾക്കും സന്ദർശനങ്ങൾക്കും സമയം കണ്ടെത്തുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും.

**പി.ജെ. ചെറിയാൻ**

ഡയറക്ടർ, കെ. സി. എച്ച്. ആർ

# Excavation Project Team

**Director**
Dr. P.J Cherian: Overall academic and administrative supervision.

**Co-Directors**
1. Dr.K.P. Shajan: Excavation supervision, study of antiquities, soil and sediments and photographic documentation. Supervision of one trench.
2. Dr.V. Selvakumar: Excavation supervision, Documentation and study of ceramics. Maintenance of Site Note Book. Supervision of one trench.

**Research Assistant (KCHR):**
Dr. Jenee P, Maintenance of Antiquity Register and supervision of one trench.

**Experts/Consultants**

**History-Ancient**
Dr. P.M.Rajan Gurukkal
Director, SSS, MG University, Kottayam

**Palaeo-Botany**
Dr. M.D. Kajale
Department of Archaeology, Deccan College, Pune

**Scientific Analysis of Artifacts**
Dr. K. Krishnan
MS University, Baroda

**Geo-Physics**
Dr. T. Seshunarayana
Scientist, Geophysics, NGRI, Hyderabad

**Archaeo-Zoology**
Dr. P.K. Thomas
Department of Archaeology, Deccan College, Pune

**History-Medieval**
Dr. Kesavan Veluthat
Professor, Mangalore University

**Chemical Analysis and Conservation**
Dr. M.V.Nair
Director, NRLC, Lucknow

**Metallurgy**
Dr. Sharada Srinivasan
National Centre for Advanced Studies, Bangalore.

**Epigraphy**
Dr. M.R. Raghava Varier
Koyilandy.

# Muziris Heritage Project
# Monuments, History pathways and Waterways






| | | | | | |
|---|---|---|---|---|---|
| Water Way | | Temple | | Synagogue | |
| Walk Way | | Palace | | Fort | |
| National Highway | | Masjid | | Church | |
| Beach | | Pattanam | | Floating Museum | |

**Environmental History**
Dr. K.V. Kunhikrishnan
North Paravur

**Physical Anthropology**
Dr. S.R. Walimbe
Department of Archaeology, Deccan College, Pune.

**Under-water Archaeology**
Dr. Alok Tripathi
Superintending Archaeologist, ASI, New Delhi

Dr. K Rajan
Professor, Dept. of History, University of Pondicherry

*Foreign experts/consultants may join the team subject to the approval of GOI/ASI*

**Institutional Support**
**GIS, Satellite Pictures and GPR Surveys**
1. Indian Space Research Organization [ISRO]
Airport Road, Vimanapura, Bangalore.

2. National Geophysical Research Institute (NGRI)
Uppal Road, Hyderabad.

**Under-water Exploration**
Southern Naval Command of Indian Navy, Kochi

**C-14 Dating and Accelerator Mass Spectrometry [AMS]**
1. Birbal Shahni Institute of Paleo Botany, 53, University Road, Lucknow
2. Institute of Physics, Sachivalaya Marg, Bhuvaneswar- 751005

3. ANSTO Environment (Australian Nuclear Science and Technology Organisation) Pvt.Mail Bag I, Menai, N S Wales, Australia

4. Australian National University, Dept. of Nuclear Physics
Canberra, ACT 0200, Australia

5. Rafter Radio Carbon Laboratory
Institute of Geological and Nuclear Sciences
30, Grace Field Road, Post Box 31-312, Lower Hutt
New Zealand

**Administrative Team**

**Finance Officer**
Mr. T.P. Sivanandan, KCHR.

**Camp Office & Public Relations**
Smt. Sunanda Nair, KCHR.

**Research Assistant, KCHR**
Smt. Sandhya Krishnan, Documentation, Logistics and Labour / Student Attendance

**Catering**
Kudumbasree, Chittatukara Unit

**Food & Accommodation**
Mr. B. Dileep Kumar, KCHR

**Transport**
Mr. Santhosh J, KCHR

**Project Assistance**
Mr. K.Rajendran

**DTP Assistance**
Ms. Prasanna S.R

**Student Volunteers**
(From various Universities and Research Institutions in South India)

Mr.Dineesh Krishnan, Mr. Srikanth P.K, Sujana Stephen, Smt. Sreelatha Damodaran, Mr.Rajesh K.P, Ms.Rachel A Varghese, Ms. Raseena C.R, Ms. Rafeena C.R, Ms. Rahnas K.A, Ms.Nandini Raja, Ms.Jithika K. Mohan, Mr.Rijesh Francis, Ms.Soumya U.G, Ms.Soumya Areekal, Ms.Shyama N.B, Ms.Divya P.H, Mr.Sujith Sankar, Ms.Jenusha K.S, Mr.Abdul Rahman, Mr.Senthil Kumar

## Contact Numbers at the camp

Camp Office – 9847666630 / 9895398419
Director – 98474 49495
Co – Directors – 9446606816

# Muziris Heritage Project

## Archaeological Research-Excavation and Explorations

The archaeological research associated with the Muziris Heritage Project will have the following components:

a) Archaeological excavations at Pattanam
b) Exploration in the Kodungallur-Chettuva-North Paravur region
c) Survey of archaeological, historical, topographical and anthropological sources
d) Scientific analysis of select artifacts and antiquities
e) Publication of the excavation report
f) Underwater archeological explorations if support forthcoming from the Southern Naval Command of the Indian Navy and the Under-water Archeology wing of the ASI
g) Facilitate the establishment of a historical museum at Kodungallur

## Archaeological Excavations at Pattanam

Pattanam lies between Kodungallur and North Paravur in the Periyar delta in Ernakulam District, Kerala.

The hitherto archeological excavations and explorations conducted by the Archaeological Survey of India [ASI], State Archaeology department and others on the northern side of the river Periyar did not yield any material evidence for an early historic port or settlement, though early medieval evidence is available in plenty.

With the recent discovery of some early historic artifacts at Pattanam, on the southern side of river Periyar, a whole new discourse has been opened up and the present research aims to carry forward the scientific enquiry in this regard.

The main objective of the present research, therefore, is to search for more archeological evidence that would help to locate the first-ever early historic urban settlement or the ancient 'Indo-Roman' port of Muziris or *Muciri* on the Malabar Coast.

KCHR has been granted license by the ASI, for conducting excavation at Pattanam and explorations in the Kodungallur-Chettuva-North Paravur region during the season 2006-07. KCHR would collaborate with the Kerala State Archaeology department and expects support from the Tourism Department, Revenue Department, ASI Thrissur Circle, Local Self-Governments and other government agencies to meet its research objectives.

The excavation activities are expected to begin around the third week of February 2007.

## Surface survey of archeological, topographical and anthropological sources

The surface survey programme began on 27th Dec. 2006 with a methodology workshop for the fifty selected Graduate and Post-graduate students with archaeology background. The survey was conducted in three phases with teams undertaking intense plot-by-plot surface search for archaeological remains. They covered nearly 20 sq km area on the northern side of the Periyar, east of the Arabian Sea, west of the Pullut river and south of Mathilakam.

The survey team recorded the archeological, topographical and anthropological information in specific data sheets. GPS was used to locate important artefactual remains and archaeological features. The archaeological collection was at random focusing on pottery rims and characteristic body sherds. All artifacts collected were systematically sealed in separate bags labeled with plot ID. They will be later analyzed to identify their cultural and chronological significance.

Extensive enquiries were made among the local people regarding antiquities and anthropo-cultural artifacts. Inventories were prepared for antiquities. Researchers scrutinized the settlement registers in the taluk and village offices to elicit historical information related to settlement patterns, ownership and place names.

The people of Kodungallur were quite receptive to the idea of a History Museum and many have donated antiquities for the same. Discussions were held with the Kodungallur Municipal Chairman and Tahasildar for identifying a suitable place to exhibit these antiquities. This temporary museum can develop into the first People's History Museum in the state; the historical and cultural artifacts donated by the people will be scientifically preserved and aesthetically exhibited in their names itself.

**P.J.Cherian**
Director, Pattanam Excavations

## Pseudostomos or False Mouth

Cranganore (Kodangallur) said to have been formerly Muyiricodu, has been confidently identified with the Muziris of the ancients, "the greatest emporium of India" according to the *Periplus Maris Erythraei*, the river being known as the Pseudostomos or False Mouth, a correct translation of Alimukam (അഴിമുഖം), as the mouth of the river is still called.

**A Galletti & P Groot**
Selections from the records of the Madras Government
*The Dutch in Malabar*, 1911, Page 9

## Muziris

Muchiri or Muziris, located perhaps in the vicinity of Kodangallur / Cranganore (near Kochi), was linked to the trade in pepper, spices and beryl. A recently discovered Greek papyrus of the second century AD, documents a contract involving an Alexandrian merchant importer and a financier that concerns cargoes, especially of pepper and spices from Muziris, which provides evidence of the large volume of this trade. References to the rich pepper trade with Malabar continue for centuries, up to the time of the Portuguese. Locations of coin hoards suggest a link from Muziris via the Palghat Gap-tapping the beryl mines- and along the Kaveri Valley to the east coast.

**Romila Thapar**
*History of Early India*, 2002, Page 241

# Excavation Methodology

The Pattanam excavation programme is designed as a multi-disciplinary research initiative involving historians, archaeologists, geologists, palaeo-botanists, archaeo-zoologists, geophysists, chemists, conservators etc. The data collected from the excavation will be analysed by the respective experts, various institutions and laboratories. The excavation method adopted here may be termed 'Locus Methodology'.


## Method of Excavation

The trenches will be named as PT07-I, PT07-II, PT07-III etc. 'PT' stands for Pattanam, '07' the year of excavation and I, II, III… the serial number of the trench.

The method of excavation is digging the layers or loci on the reverse order of deposition (Barker 1982). Each layer / feature / pit / structure / activity-area will be called a *locus* (pl. *loci*) and an ID number will be assigned to these loci like 001, 002, 003…., as per the sequence of the excavation. A locus will be distinguished on the basis of colour (measured by Munsell colour chart), texture and composition. The depth of the top level of each locus will be measured in relation to the Trench datum point which would be the peg in the northwestern corner. This trench datum point should not be disturbed throughout the excavation. The depth of various levels within the trench shall be measured by placing a white string on top of the datum point, while its level is checked by a line level or spirit level. The top plan of each locus will be drawn to scale on a graph sheet, and the same will be drawn as a sketch drawing on the excavation datasheet. Each locus will be excavated as one unit, whatever its thickness. If the excavator feels that this locus may be excavated as two separate units, it could also be done. The relationship of a particular locus with other loci has to be clearly documented. The numbers of the loci that are touching a particular locus (i.e. adjacent, above and below) have to be written down on the datasheet. As the excavation proceeds, the trench in charge will have to prepare the Harris matrix explaining the relationship between the loci.

Ref: Barker, P. 1982. *Techniques of Archaeological Excavation*. Batsford, London.

**Harris Matrix Sample**



## Removal of soil deposit

The soil in the trench will be carefully removed using a trowel or a small pick axe. These tools will have to be used judiciously and carefully. If any significant object is felt, it should be approached cautiously. Only after ascertaining its preservation status further excavation can proceed. If bricks or other large objects are found, they should not be disturbed. Carefully remove the soil around them to ascertain if they form part of a structure or feature. If any small, tiny artifacts are found during digging, they should be removed immediately and put into antiquity bag along properly labeled.

## Sieving and sorting the materials

The soil recovered will be sieved and antiquities will have to be gathered into the envelops. Each antiquity will have a separate bag and ID no. Pottery will be separately collected, labeled and shifted to the pottery yard. Tiles and complete bricks will have to be collected along with the pottery.

## Pottery Yard

The pottery collected from each locus will be water-washed and stored in the grids created in the open area. They will be counted and weighed.

## Labeling

All the envelops containing pottery and antiquities will have labels mentioning the Trench No, Locus No., date and other essential details.


## Documentation

The nature of the loci and the antiquities need to be written in great detail in the datasheets. Wherever photo documentation is necessary, it will be done, before excavation proceeds further. If artifacts are part of a feature they should not be removed (cleaned) without photography and documentation. Scaled top plans, elevations and sections will be done wherever necessary. Professional draughtsman will be engaged for documenting important features.

## Cleanliness

The trench and its immediate surroundings shall be maintained clean and tidy.

**V.Selvakumar**
Co-Director, Pattanam Excavations




**Peutinger Table**

The *Tabula Peutingeriana*, now in the National Library at Vienna derives its name from the 16th century scholar Konrad Peutinger who owned it. Reference to Muziris is very clearly made. Behind the name Muziris on the map, there is a large lake mapped Lakus Muziris beside which is an icon marked *templ*(*um*) *Augusti*. The existing map is a late medieval copy derived from a fourth century original which had itineraries going back perhaps to the second century A.D.

© Printed and published by Director, KCHR, Trivandrum, 2007

# Kerala Golden Jubilee Research/Publication Fellowships

The Kerala Council for Historical Research [KCHR] proposes to institute two categories of fellowships coinciding with the Golden Jubilee celebrations of Kerala State formation, to further research and publication related to the history of Kerala. The fellowships offer both academic and monetary support. The assistance will be available to Indian nationals only.

**I. Fellowships for Preliminary Post-Doctoral Research:** The fellowship is meant to initiate scholars into post- doctoral research. The financial assistance will be in the form of seed money to enable them to develop their research area and design. The assistance will be available only to scholars below 45 years of age.

The seed money will be limited to a maximum of Rs. 25,000/- and can be utilised for field work, travel within India and contingency expenses. It would be released in two installments — a part of the amount at the beginning of the term and the balance on the submission of the report. The scholars are expected to complete the work and submit the report within a period of six months.

KCHR will give priority to gender studies, dalit history, local history, environmental history, and themes relating to class consciousness. Other areas of historical research will also be considered.

Selected researchers will be attached to senior subject experts or a committee of experts for academic consultation and guidance. The KCHR will consider the award of a post- doctoral fellowship for advanced research depending upon the quality of the research design produced by the scholars.

**II. Fellowships to Revise Ph.D. Dissertation:** The fellowship will support scholars to modify their Ph.D. thesis for publication. The financial assistance will be a maximum of Rs.50,000/- and can be utilised for field work, travel within India and contingency expenses. The revised thesis should be submitted to the Council within a period of one year. The fellowships will be released in three installments on the basis of satisfactory interim reports. The last installment will be released only after the submission of the final draft. The scholar will have the facility to consult subject experts. If the KCHR Research/Publication Committees find the revised work to be of high academic standard, the KCHR will consider its publication.

Interested researchers may apply to the Director, KCHR, P B No 839, Vyloppilly Samskrithi Bhavan, Thiruvananthapuram- 695 003, with his/her CV and a detailed proposal. The scholar will be expected to make a presentation of the proposal, revise it as per the suggestions of the referees and abide by the rules and regulations of the award. The last date for receiving the applications is 28th February 2007.

**An Appeal**

Memorial fellowships and endowments can be instituted with KCHR to foster knowledge based research. We request individuals, families, institutions and trusts to make use of this facility. Let our dear ones be nobly remembered.

**Digitising Kerala's Past**

The project offers facilities for preserving photographs, rare books and documents free of cost.

**Malayalee Family History and Biography Archives**

Document your memories and reflective thoughts and enrich the archives.

**Give the Gift of History Reading**

KCHR publications include 27 seminal volumes on Kerala history

**Become a Friend of KCHR**

Your friendship supports excellence. Avail institutional, individual and student memberships.

## Kerala Council for Historical Research

Vyloppilly Samskriti Bhavan, PB No. 839, Nalanda, Thiruvananthapuram-3
Phone/Fax- 0471-2310409/ 0471-6574988
e-mail : kchr@sancharnet.in **www. keralahistory.ac.in**

*Past for a Positive Future*